സ്ഥലം കൂടി നോക്കി വേണ്ടതുപോലെ ചെയ്യുതരാം. അതിനും പുറമെ ഹിൽപാഡി സൂപ്പ ഡെണ്ട് ഈ സംഗതി ചെയ്യുതന്നാൽ കൊള്ളാമെന്നു പറയുന്നുണ്ട്. നിവൃത്തിയുണ്ടെങ്കിൽ ചെയ്യുതരാവുന്നതാണു്.

മിസ്റ്റർ വി. കുഞ്ഞൻ നമ്പൂതിരിപ്പാട്: ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leaae, withdrawn.

CUT MOTION No. 54

Nayamveli Thodu—Construction of

Mr. A. V. Moothedan *(Chalakkudi):* Sir, *I move to reduce the allotment of Rs, 8,258 for construction to Village Panchayat by Re. 1.* (The object of the motion is *to point out the inaction of the Department in not giving effect to the order of Government D. Dis. 1992/17, regarding the contribution of the Nayamveli Thodu in the Meloor Village, even though the land-holders have executed a Kychit agreeing to pay water-cess.)* Now, Sir, this is a very small matter. The people of the Melur Village put in a petition to the Minister to have a thodu, and the Minister ordered that if they are agreeable to pay water-cess the work will be undertaken. The people of the Village have executed the necessary Kychits and now 1½ years have since passed and nothing has so far been done. The order of the Government was on the 31st January 1942. Now I request the Hon'ble Minister to undertake this work. I shall read the order of the Government to the Petitioners. First the petitioners received an order from the Government to the effect "that the petitioners are referred to the Director of Public Health and Panchayats for orders". After that they received a communication from the Director stating that if the people are agreeable to execute a Kychit undertaking to pay additional water-cess the work would be undertaken. That order is dated 23rd Makaram 1117. Now nearly one and a half years have since elapsed and the people have executed the Kychit. The matter has not progressed any further. That matter may kindly be looked into. By this scheme, about 1000 paras of paddy more can be got, and the cost of the work will not cost more than Rs. 500.

Mr. T. K. Nayar *(Minister for Rural Development):* Is it not item No. 60, namely the opening of a chal from Nayamveli Nada to Karingappillippadam with sluice.

Mr. A. V. Moothedan *(Chalakkudi):* That may be the work. But I am not quite sure.

Mr. T. K Nayar *(Minister for Rural Development)*: The amount provided is Rs. 200.

Mr. A. V. Moothedan *(Chalakkudi):* I shall ask the people of the locality. I am not quite sure.

Motion, by leave, withdrawn.

CUT MOTION No. 55.

Chellanam Protection Bund—Neglect of.

Mr. Sabdhai S. Koder *(Nominated):* Sir, *I move to reduce the allotment of Rs. 8,258 for works—Village Panchayats by Re. 1.* (The object of the motion is *to call the attention of the Government to the neglect of the maintenance of the Chellanam Protection Bund by the contractor.)*

The complaint that the Chellanam Protection Bund has not been properly maintained is a very old one. I think it is over 20 years old. Petitions and Telegrams have been sent to His Highness the Maharaja and the Government and now to the Minister. Nothing so far has been done and I understand that there are two parties. One party is interested in the protection of their paddy crops and the other in transporting cocoanut produce from there with the result that the bund is not properly maintained. I only want by this cut motion that the Minister may look into the matter and hear both sides and come to a final decision. I further understand that this is not a major irrigation scheme. If it is, it may be entrusted to the Public Works Department. I understand also that about four to five thousand paras of paddy have been produced from these fields. I have got a petition before me and I speak subject to correction.

Mr. President: If it is a major irrigation then the cut motion is put under the wrong head.

Mr. T. K. Nayar *(Minister for Rural Development):* The maintenance is done by the Panchayat Department.

Mr. Shabdai S. Koder *(Nominated):* I therefore request the Minister to go into the question minutely, hear both parties and come to a final decision.

Mr. A. B. Salem *(Mattancheri):* Sir, I beg to support this motion. It happens to be at the fag end of my constituency, *i.e.*, the southern end. There are two factions there. There

LIBRARY ARCHIVES Kerala Legislative Assembly

is no doubt of that ; and complaints on the actions of one or the other party will always be forth coming. And the mutual bickerings are so great that Government must step in and see that some agency outside the factions is entrusted with this work. What happens is, the eworks are allotted and provision is made by the Government and a contractor from one or th other of the factions take up the work. If the contractor is from one faction there will be complaints from the other and if the contractor is from that faction there will be complaints from this. It is impossible to give satisfaction to give everybody in the matter of this bund. Therefore, the solution would come provided Government entrust the work to some contractor who does not belong to any faction or to one who is an outsider. The charge may be correct or may not be correct. To avoid the trouble I would request the government to note the point that the contractor to whom the work must be entrusted should not be a man connected with that place at all. It must not be a local contractor. Somebody from outside should be entrusted with the work. Then if there is a complaint against the contractor it will be from both sides, and it can be disposed of quickly. The factions are very bitter minded because they are relatives. Therefore it will be very difficult to give general satisfaction unless the contractor is one entirely outside the two factions and who is outside the locality.

മിസ്റ്റർ വി. കെ. കുട്ടി : സർ, ചെല്ലാനം കൃഷി സംരക്ഷണം സംബന്ധിച്ച് പല ആക്ഷേപങ്ങളും ഉണ്ടായതിന്റെ ഫലമായി ഒരവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവർകൾ ആ സ്ഥലം സന്ദർശിക്കുവാൻ തീരുമാനിക്കയും അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചും ഞാനും അദ്ദേഹത്തെ അനുഗമിക്കയും ചെയ്തിരുന്നു.

മിസ്റ്റർ ബി. എം. പീറർ : ആവശ്യപ്പെട്ടിട്ടാണൊ പോയതു് ?

മിസ്റ്റർ വി. കെ. കുട്ടി : പറയാം. ഞാൻ മിസ്റ്റർ പീററെപ്പോലെയുള്ള ഒരു കക്ഷി അല്ലാത്തതുകൊണ്ടാണെന്നു് വിചാരിച്ചിട്ടായിരിക്കാം അദ്ദേഹം എന്നെ ക്ഷണിച്ചതു്.

ഞങ്ങൾ ആ സ്ഥലം സന്ദർശിച്ച അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രി അവർകൾ അവിടത്തെ വില്ലേജു് ആപ്പീസ്സിൽപോലും പോകുവാൻ സംശയിച്ചു. എതെങ്കിലും ഒരു പാർട്ടിയിൽപ്പെട്ട ആളാണെന്നു് വിചാരിച്ചു് ആക്ഷേപം ഉണ്ടായെങ്കിലൊയെന്ന സംശയമാണതിനു കാരണം. കൃഷി സംബന്ധമായ കായ്ങ്ങളിൽ കൺട്രാക്ടർമാരാണു് കഴപ്പുമുണ്ടാക്കുന്നതെന്നു അവിടെ കൂടിയവർ പറഞ്ഞു. കൺട്രാക്ടർമാരുടെ കഴപ്പുമാണെങ്കിൽ ഗവമ്മെണ്ടു് തന്നെ നേരിട്ടു പ്രവൃത്തിച്ചു ആക്ഷേപം പരിഹരിക്കാമെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തു. എന്നാൽ മറെറാരു കൂട്ടർ പറഞ്ഞതു രണ്ടു കായ്ങ്ങളാണു്. ഒന്നു് തെങ്ങിൻ കൃഷിക്കാരുടേയും, മറെറാന്നു് നെൽ കൃഷിക്കാരുടേയുമാണു്. ഈ രണ്ടു വഴിയിൽകൂടി പ്രവൃത്തിച്ചുവരുന്നതുകൊണ്ടു് അവിടത്തെ കൃഷി സംരക്ഷണ കായ്ങ്ങളിൽ കഴപ്പങ്ങളും വിഷമതകളും ഉണ്ടാകുന്നുണ്ടു്.

The House rose for lunch at 1-30 p.m. and reassembled at 2-30 p.m. with Rao Sahib K. Ayyappan the Deputy President in the Chair.

മിസ്റ്റർ വി. കെ. കുട്ടി : ചെല്ലാനത്തു് ഉദ്ദേശം ൪,൦൦൦ പറക്കുള്ള കൃഷി സ്ഥലങ്ങളുണ്ടെന്നാണു് കാണുന്നതു്. അവിടെ ചില ആക്ഷേപങ്ങളും ഉള്ളതായും കാണുന്നുണ്ടു്. ഇതിന്റെ പരിഹാരാർത്ഥം മന്ത്രി അവർകൾ ചെയ്യുവരുന്ന പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കേണ്ട ചുമതല ഈ സഭക്കുണ്ടു്. ഈ സംഗതി ഞാൻ വിശദമാക്കാം. ഇതേതരത്തിലുള്ള മറെറാരു ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രിയെ ധരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ വസതിയിൽ ചെന്നപ്പോൾ ഇന്നു മൂന്നു മണിക്കു് ചെല്ലാനം സന്ദർശിക്കുന്നുണ്ടെന്നും, നിങ്ങളുംകൂടി അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിനു് ഒന്നിച്ചു് വന്നാൽ കൊള്ളാമെന്നും മന്ത്രി അവർകൾ പറഞ്ഞതുകൊണ്ടാണു് ഞാനുംകൂടി പോകുവാനിടയായതു്. ഈ കായ്ത്തിൽ ബഹുമാനപ്പെട്ട മട്ടാഞ്ചേരി ലാറാറിൻ കുസ്സൻ മെമ്പരുടെ അവകാശത്തെ അവഗണിച്ചുകൊണ്ടാണൊ എന്നെ ക്ഷണിച്ചതെന്നു് അദ്ദേഹം സംശയിച്ചതുകൊണ്ടുമാത്രം ഇങ്ങിനെ പറഞ്ഞതാണു്.

മിസ്റ്റർ ബി. എം. പീറർ : ക്ഷണിക്കുകതന്നെയാണോ ചെയ്തതു് ?

മിസ്റ്റർ വി. കെ. കുട്ടി : അതേ ക്ഷണിച്ചുവെന്നു് മാത്രമേയുള്ളു. അവിടത്തെ ആക്ഷേപങ്ങളും യഥാർത്ഥമായിട്ടുള്ളതാണെന്നു് എനിക്കും മനസ്സിലായിട്ടുണ്ടു്. പടിഞ്ഞാറെ കടലിൽ നിന്നു് കിഴക്കോട്ടു് ഒഴുകിക്കൊണ്ടിരിക്കുന്ന കടൽവെള്ളം പലപ്പോഴും കൃഷിക്കു് നാശകരമാണെന്നുള്ള വസ്തുത യാതൊരു വിദഗ്ദ്ധാഭിപ്രായവും കൂടാതെ എല്ലാവർക്കും അറിയുവാൻ സാ

LIBRARY ARCHIVES Kerala Legislative Assembly

ധിക്കും. ആ സ്ഥലം ഞാൻ കണ്ടു. പക്ഷെ അതിന്റെ പേരിപ്പോൾ ഓർക്കുന്നില്ല. ആ തോടിന്റെ രണ്ടുഭാഗങ്ങളിലും ബണ്ടു് ഇട്ടുകൊടുക്കുന്നപക്ഷം കിഴക്കോട്ടു് ഒഴുകിക്കൊണ്ടിരിക്കുന്ന കടൽവെള്ളം താല്ക്കാലികമായിട്ടെങ്കിലും തടഞ്ഞുനിർത്തുവാൻ സാധിക്കും. അങ്ങിനെ ചെയ്തില്ലെങ്കിൽ അവിടത്തെ കൃഷിക്കു് അതു ആപൽക്കരമായിരിക്കും.

ഈ രാജ്യക്കാരിൽ ആക്ഷേപത്തെന്നെ ഈ കൃഷിസംരക്ഷണഖരാവു് കൊടുക്കരുതെന്നു് എനിക്കഭിപ്രായമുണ്ടു്. കാരണം, തെങ്ങിൻകൃഷിയിൽ താല്പര്യമുള്ള ഒരു ഖരാവകാരൻ നെൽകൃഷിയുടെ ഗുണത്തെ പരിഗണിച്ചില്ലെന്നു വരും. അതുപോലെതന്നെ നെൽകൃഷിയിൽ താല്പര്യമുള്ള ഒരു ഖരാവകാരൻ തെങ്ങിൻകൃഷിക്കു് ഉപദ്രവമായി എന്തെങ്കിലും ചെയ്യുവെന്നും വരും. അതുകൊണ്ടു് ഈവക ഉപദ്രവങ്ങളൊന്നും കൂടാതെ കഴിക്കുവാൻ ഡിപ്പാർട്ടുമെണ്ടിൽ നിന്നും സ്പെഷ്യലായിട്ടു് ഒരാളെ വെച്ചു കൃഷിസംരക്ഷണം ചെയ്യണമെന്നാണു് എന്റെ അപേക്ഷ. ഒരു വർഷം പഴക്കമുള്ള ഒരു കാര്യമാണിതു്. ഇതിനു് ഒരു ശരിയായ തീരുമാനം ഇനിയെങ്കിലും ആവശ്യമാണു്.

മിസ്റ്റർ ബി. എം. പീററർ : എന്നാൽ പഞ്ചായത്തിനെ ഏല്പിച്ചാലോ ?

മിസ്റ്റർ വി. കെ. കുട്ടി : പഞ്ചായത്തിനെയാണു് ഏല്പിക്കേണ്ടതു്. പഞ്ചായത്തിനെ ഏല്പിക്കുക.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതും ഒരു പാർട്ടിയിൽപ്പെട്ട ആളുകളാണെന്നു തോന്നിയാലൊ ?

മിസ്റ്റർ വി.കെ. കുട്ടി : ഒരിക്കലും ആവുകയില്ല. അങ്ങിനെ വരുന്നപക്ഷം ബഃ മന്ത്രിക്കു് ആ സംഗതിയിൽ ഇടപെടുവാൻ സൌകര്യമുണ്ടല്ലോ. ഈ സംഗതിയിൽ ഒന്നാമതായി അവിടത്തെ കൃഷിക്കു് ആവശ്യമുള്ളതു് എന്തൊക്കെയാണെന്നു് പരിശോധിക്കുവാൻ രണ്ടു മെമ്പർമാരെ അവിടേക്കു് അയച്ചു് അവരുടെ റിപ്പോർട്ടനുസരിച്ചു പഞ്ചായത്തിനെക്കൊണ്ടോ ഓവർസിയറെക്കൊണ്ടോ അല്ലാത്തപക്ഷം സ്പെഷ്യൽ ഓഫീസർമാരെക്കൊണ്ടോ വേണ്ടതു ചെയ്യിപ്പിക്കുവാനുള്ള ഒരു പദ്ധതി കണ്ടുപിടിക്കണമെന്നാണു് എന്റെ അഭിപ്രായം.

മിസ്റ്റർ ബി. എം. പീററർ : സർ, ഈ സ്ഥലം എന്റെ നിയോജകമണ്ഡലത്തിൽ ഉപട്ടതായതുകൊണ്ടു് എനിക്കു് അവിടെയുള്ള പരിചയം വെച്ചുകൊണ്ടു് ഈ സഭയുടെ മുമ്പാകെ രണ്ടു വാക്കു പറയാമെന്നു വിചാരിക്കുന്നു. കൊച്ചിരാജ്യത്തിന്റെ തെക്കെഅററത്തു കിടക്കുന്ന ഒരു സ്ഥലമാണു് ചെല്ലാനം വില്ലേജു്. അവിടെ ഇപ്പോൾ നാലയ്യായിരം പറക്കു കൃഷിയുണ്ടെന്നു് പറയുന്നതു്, പത്തിരുപതു കൊല്ലത്തോളം വെറും വെള്ളച്ചാലായിട്ടാണു കിടന്നിരുന്നതു്. ജനങ്ങളുടെ പലവിധത്തിലുള്ള ആക്ഷേപങ്ങളും സങ്കടങ്ങളും ഗവമ്മെണ്ടിന്റെ മുമ്പാകെ വന്നതിന്റെ ഫലമായി ആവക സ്ഥലങ്ങൾ സംരക്ഷണത്തിനായി ഗവമ്മെണ്ടു് നേരിട്ടു് ഏറെറടുക്കുവാൻ തീരുമാനിച്ചു. അന്നുമുതൽ അവിടെ കൃഷി കൂടുകയും നന്നാവുകയും ഇപ്പോൾ അതു നല്ലൊരു സ്ഥിതിയിൽ എത്തുകയും ചെയ്തിട്ടുണ്ടു്. ആ കാര്യത്തിൽ ഞാൻ ഗവമ്മെണ്ടിനെ അഭിനന്ദിക്കുന്നു.

ഇനി അവിടത്തെ കൃഷിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ കൺട്രാക്ടർ പണി ശരിക്കു നടത്തിയില്ലെങ്കിൽ അവരെ ശിക്ഷിക്കണം. കൃഷി ഏതെല്ലാംവിധത്തിൽ നന്നാക്കുവാൻ സാധിക്കുമോ അതിനു വേണ്ടതു ശ്രമിക്കേണ്ടതു ഗവമ്മെണ്ടിന്റെ ചുമതലയാണു്. അതിനെപ്പററി അവിടെയുള്ള കൃഷിക്കാരുമായി ആലോചിക്കുന്നതു വളരെ നന്നായിരിക്കും. അങ്ങിനെ ചെയ്യാതെ കൃഷി മുഴുവനും നഷ്ടപ്പെട്ടുവെന്നു പറഞ്ഞിട്ടു യാതൊരു കാര്യവുമില്ല. ഇപ്പോൾ കൃഷി നഷ്ടപ്പെട്ടിട്ടില്ല. എനിക്കും അവിടെ പത്തിരുന്നൂറു പറക്കു കൃഷിയുണ്ടു്. അതു് ഇപ്പോൾ പണ്ടത്തെ നിലവെച്ചു നോക്കുമ്പോൾ ഏറവും നല്ല നിലയിലാണു് വിളവു കിട്ടിവരുന്നതു്. സംരക്ഷണത്തിന്റെ ആവശ്യം ഉപ്പുവെള്ളം കയറാതെയിരിക്കുന്നതിലാണു്. ഉപ്പുവെള്ളം ഈ കൊല്ലം അവിടെ തീരെ കടന്നിട്ടില്ല. ഉദാഹരണം അവിടെ ഈ കൊല്ലം പൊടിവെതവിതച്ചു ഉപ്പുവെള്ളം തീരെ കടക്കാത്ത ദിക്കുകളിൽ മാത്രമേ "പൊടിവിത" നടത്താൻ സാധിക്കൂ. പൊടിവിതയെന്നു പറയുന്നതു മേടം ഫാ-ാംനു-ക്കുശേഷം അതായതു വർഷത്തിനു മുമ്പു് വിത്തു മുളപ്പിക്കാതെ വിതക്കുക. ഇങ്ങിനെ ചെയ്തതിന്റെ ഫല

LIBRARY ARCHIVES Kerala Legislative Assembly

മായിട്ട് ഇക്കൊല്ലം അവിടെ കൃഷി വളരെ നന്നായിതീരുകയും ചെയ്തു. ഇതു കാണണമെങ്കിൽ ഞാൻ ഇവിടെയുള്ള മെമ്പർമാരെ എന്റെ ചിലവിന്മേൽ കൊണ്ടുപോയി കാണിച്ചുതരാം. വെറുതെ പ്രസംഗിച്ചാൽ പോരാ അതു നമുക്കു ഓരോരുത്തക്കും എത്രയെങ്കിലും പ്രസംഗിക്കാം. ഞാൻ ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയെ മറെറാരു കാര്യത്തിലേക്കു ക്ഷണിച്ചുകൊള്ളുന്നു. എന്നാൽ ഗവമ്മെണ്ടു് സംരക്ഷണം ഇല്ലാത്ത സ്ഥലങ്ങൾ ഇതിന്നടുത്തു വേറെയുണ്ടു്. അവിടെ ഇക്കൊല്ലം യാതൊരു കൃഷിയും ഇറക്കുവാൻ തരപ്പെടാതെ നഷ്ടപ്പെട്ടു കിടക്കുന്നു. നടത്തുവാൻ നിവൃത്തിയില്ലാതെ വന്നിട്ടുണ്ടു്. ആ പടവിലും എനിക്കു ഒരു ര 0 പറക്കു കൃഷിയുണ്ടു്. യാതൊന്നും അവിടെ ചെയ്യുവാൻ സാധിക്കുന്നില്ല. അതുപോലെതന്നെ തിരുമലദേവസ്വംവക കുറെ സ്ഥലങ്ങളുണ്ടു്. നല്ലതു ചെയ്താൽ നല്ലതു എന്നു സമ്മതിക്കണം. അതിലും വൃക്തിവിദ്വേഷം കലർത്തുന്നതു ശരിയല്ല.

മിസ്റ്റർ വി. കെ. കുട്ടി. ഇങ്ങിനെ കൃഷിചെയ്യുവാൻ സാധിക്കാത്ത നിലങ്ങൾ ധാരാളമുണ്ടോ ?

മിസ്റ്റർ ബി. എം. പീറർ : കുറെയുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി : ചിലതു നല്ലതുണ്ടായിരിക്കാം. ഞങ്ങൾ അവിടെയുള്ള റോഡിന്നരികെ കണ്ട സ്ഥലങ്ങൾ നല്ലതാണെന്നു തോന്നുന്നില്ല.

മിസ്റ്റർ ബി. എം. പീറർ : കുറെ സ്ഥലങ്ങൾ വളരെ മോശമായിതീരുകയും, സംരക്ഷണമുള്ള സ്ഥലം നന്നായിതീരുകയും ചെയ്തു.

മിസ്റ്റർ കെ. എസ്സു്. പണിക്കർ : പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിൽനിന്നു വല്ല ഗുണവുമുണ്ടായിട്ടുണ്ടോ ?

മിസ്റ്റർ വി. കെ. കുട്ടി : ധാരാളം ഉണ്ടായിട്ടുണ്ടു്.

മിസ്റ്റർ ബി. എം. പീറർ : അവിടെ കൃഷി നടത്തേണ്ട ആവശ്യത്തിന്നുവേണ്ടി ഒരു ചട്ടം ഉണ്ടാക്കീട്ടുണ്ടു്. ആ ചട്ടം അനുസരിച്ചാണു് സംരക്ഷണം നടത്തിവരുന്നതു. അതു തികച്ചും കൺട്രാക്ടർ ചെയ്തിട്ടുണ്ടു്. കൃഷിക്കും നല്ലതാണു് കൺട്രാക്ടരെ തുക്കികൊല്ലണമെങ്കിൽ കൊന്നോളൂ വിരോധമില്ല.

മിസ്റ്റർ വി. കെ. കുട്ടി : കൺട്രാക്ടർമാക്കു കൊടുക്കണമെന്നു് വല്ല നിബ്ബന്ധവുമുണ്ടോ ?

മിസ്റ്റർ ബി. എം. പീറർ : അക്കു കൊടുത്താലും വിരോധമില്ല. ഈ പടവും നൂകൊല്ലമായിട്ടു നല്ലപോലെ ഞങ്ങൾക്കു കൃഷിചെയ്യുവാൻ സാധിച്ചു. ഇതു കൺട്രാക്ടരുടെ മിടുക്കല്ലാതെമറെന്താണു്. അവിടെ വന്ന കൃഷിക്കാരെ വിളിച്ചു ചോദിച്ചാലും ഇതു വെളിപ്പെടും. എനിക്കു അവിടെ കുറെ കൃഷിസ്ഥലങ്ങളുള്ളതുകൊണ്ടും, ഈ കാര്യത്തിൽ എനിക്കുള്ള പരിചയംകൊണ്ടും, എന്റെ സ്വന്തം അനുഭവംവെച്ചുകൊണ്ടും, പറയുന്നതാണു്. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

Mr. A. V. Moothedan *(Chalakkudi)* : Only one sentence. There is one gentlemen from that locality always coming and bothering me about this for the past 6 or 7 years and I have sent some questions. Now, the Hon'ble Member for Labour and the Hon'ble Member for Mattancheri Latin Christians have stated their cases and I think one, two or three members of this Council may be asked to go and investigate and make a report so that hereafter we may not have any question about this.

Mr. Ephraim Ouseph *(Narakkal)* : Sir, sometime back I had occasion to go to this place for addressing an anniversary meeting and during the course of an informal conversation that ensued certain grave allegations were made which were hardly complimentary to the administration of the Transferred Departments. Conscious of my duty to guard the reputation of the democratic control of the departments I hastened to contradict and repudiate these charges. The result was, as several members of this House have found to their cost the catching of a tartar and getting into the meshes of a dispute. I made certain discreet enquiries and communicated my findings to the Hon'ble Minister who was pleased to order certain temporary measures and promised to make an elaborate enquiry after the session is over. I understand that he has also referred the matter to the P. W. D. to see whether they are willing to take this thankless job off his hands and also to give expert advice on this matter. I hope they will take it up. Without going into the merits of the question so as not to prejudice an impartial enquiry I should like to mention a few landmarks of this dispute. The system of protection and maintenance in Chellanam is designed to keep away salt water from the eastern backwater and the western Sea.

LIBRARY ARCHIVES Kerala Legislative Assembly

On the eastern side there is the basic Chakrachal bund. One faction which may conveniently be called the Lanthaparambans wanted the removal of the bund. After decades of agitation and acrimonious disputes in the Government offices Mr. Herbert held that this basic bund must remain. Subsequently another agitation started whether the cross canals should be bunded or not, thereby diverting the salt water from the sea through the western canal and not to bring it near the Chellanam paddy fields which is about 5,000 paras in extent. That is the main dispute now.

Another point is whether it was fair to give the contract for the maintenance works to these people who were from the very beginning against the whole scheme of maintenance and who are out to defeat the same. These are the main points at issue and I think the Hon'ble Minister will be able to set at rest this longstanding dispute after an enquiry. I warn the House that it is the impartiality and the ability shown in solving problems of this kind that will increase the popular confidence in the democratic control of departments in this State.

മിസ്റ്റർ ടി. കെ. നായർ: സർ, ഇന്നലെ എം. എൽ. സി. കപാർട്ടേഴ്സിന്റെ കാര്യത്തിൽ ഇവിടെ കാണിക്കുന്നതിന്നു തനിക്കൊരു കസേര കിട്ടിയില്ലെന്നു മിസ്റ്റർ മണി പറഞ്ഞതുപോലെ എനിക്കു ഇതിൽ കിട്ടിയതായ സാധനങ്ങൾ ഞാൻ ഇവിടെ പ്രദർശനത്തിന്നു കൊണ്ടുവന്നിട്ടുണ്ട്. ഇതിന്റെ കടലാസുകൾ ഇത്രയുമല്ല. ഇനി വേറെയുമുണ്ട്. ഈ കാണുന്ന കെട്ടിൽ പത്തു കൊല്ലത്തെ കടലാസെയുള്ളു.

മിസ്റ്റർ വി. ജെ. മത്തായി: അതെല്ലാം ഹർജികളാണൊ?

മിസ്റ്റർ ടി. കെ. നായർ: ഹർജികളും കമ്പികളുമുണ്ട്. അടുത്തകാലത്തു കടലാസിന്നു വില കൂടിയിട്ടുള്ളതുകൊണ്ടു, കമ്പികളും ഹർജികളും കുറച്ചു കുറഞ്ഞിട്ടുണ്ട്. ഏതാണ്ടു് ഇതുകണ്ടാൽതന്നെ ചെയ്യാറാം സംരക്ഷണയെ സംബന്ധിച്ചു എത്രത്തോളം വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ടെന്നു ഈ സഭക്കു മനസിലാക്കുവാൻ സാധിക്കും. എത്ര ദിവാൻജിമാർ, എത്ര ഇഞ്ചിനീയർമാർ ഈ കായ്ത്തിൽ ഇരുപതു കൊല്ലത്തോളമായി തലയിട്ടിട്ടും ഇന്നും ആക്ഷേപങ്ങൾ മാത്രമേ ബാക്കിയുള്ളു. ബാക്കിയെല്ലാം ശരിയായിട്ടുണ്ട്. ആദ്യമുണ്ടായ ആക്ഷേപങ്ങൾ ഇന്നുമുണ്ട്.

അടുത്ത ഒരവസരത്തിൽ ഗവമ്മെണ്ടിൽനിന്നു എല്പിച്ചുകൊടുത്ത ഒരു ഖരാർ ശരിയായി നടക്കുന്നില്ലെന്നുള്ള ആക്ഷേപങ്ങൾ കിട്ടിയപ്പോൾ അതു വളരെ ഗൌരവമായിട്ടു നോക്കേണ്ട ഒരു സംഗതിയാകയാൽ അതു അന്വേഷിക്കേണ്ട ആവശ്യത്തിന്നുമാത്രം—അവിടെയുള്ള വഴക്കുകൾ കേൾക്കുവാനല്ല—ഞാൻ അവിടെ പോകയുണ്ടായി. ഗവമ്മെണ്ടിൽനിന്നു ഖരാറിന്നെല്പിച്ചിട്ടുള്ള പണികൾ ശരിയായി നടക്കുന്നില്ലെന്നുവന്നാൽ അതിന്നു തെറ്റുകാരൻ ഞാനാണു്. അതുകൊണ്ടു് അതു നോക്കുവാൻ ഞാൻ അവിടെപോയി. അതു നോക്കി അറിഞ്ഞുള്ളതു് അപ്പോൾതന്നെ തീർത്തു മേലിൽ ഈ സംരക്ഷണകളെ സംബന്ധിച്ചു നടത്തേണ്ടതായിട്ടുള്ള ചില നിർദ്ദേശങ്ങളുമൊക്കെ കൊടുത്തു ഞാൻ മടങ്ങുകയും ചെയ്തു. നിർദ്ദേശങ്ങൾ കൊടുത്തതു സംരക്ഷണപണികളെ സംബന്ധിച്ചു മാത്രമാണു്. ഈ വഴക്കുകളെ സംബന്ധിച്ചല്ല. അന്നുമുതൽ ഞാൻ ഏതാണ്ടു ഈ സംഗതി പഠിക്കുവാനും തുടങ്ങി. അവിടത്തെ ആക്ഷേപങ്ങൾ തീർത്തുകൊടുത്തു അതിന്നൊരു നിവാരണം കാണുവാൻ സാദ്ധ്യമല്ലെന്നു് എനിക്കു ബോദ്ധ്യമായി. പക്ഷെ അവിടത്തെ കൃഷിരക്ഷക്കു ഒരു വഴി നോക്കാൻ സാധിക്കയും ചെയ്യും. ഗവമ്മെണ്ടിന്നു് ആ നാട്ടുകാരുടെ ആക്ഷേപങ്ങൾ തീർക്കേണ്ട ചുമതലയുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ അവിടെയുള്ള നാലയ്യായിരം പറ നിലത്തിൽനിന്നു ന്യായമായ വിളവുകിട്ടുന്നതിന്നു വേണ്ട സൌകര്യങ്ങൾ ചെയ്യണം എന്നു മാത്രമേ ഞാൻ ധരിച്ചിട്ടുള്ളു. അതിന്നു വേണ്ട വഴികളാലോചിച്ചു. ചിലതെല്ലാം ചെയ്യുവാനുമുണ്ടു്. ഏതാണ്ടു് ഫ്ലഡ് കമ്മീഷൻ-ൽ അതിന്നു് ഒരു നിവാരണമുണ്ടാക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതായതു കൃഷിയുടെ രക്ഷക്കു ഒരു നിവാരണമുണ്ടാക്കാമെന്നാണു് വിചാരിക്കുന്നതു്. അല്ലാതെ വഴക്കിന്റെ രക്ഷക്കല്ല. അതവസാനിക്കുകയില്ല. എന്റെ മാന്യസ്നേഹിതൻ ബഹുമാനപ്പെട്ട ഞാറക്കൽ മെമ്പർ, അദ്ദേഹം പറഞ്ഞതുപോലെ, ഒരു പുലിവാലിൽപെട്ട ഒരു ദിവസം എന്റെ അടുത്തുവന്നു. ഈ മാതിരി കുഴപ്പങ്ങളൊക്കെ വരുത്തിത്തീർത്താലൊ എന്നു ചോദിക്കുന്ന നിലയിൽ അവിടത്തെ കുഴപ്പങ്ങളൊക്കെ അവസാനിപ്പിക്കണമെന്നു എന്നോടു പറഞ്ഞു. എന്തൊക്കെയാണു് അതിന്നു് ചെയ്യേണ്ടതെന്നുവെച്ചാൽ അതൊക്കെ ചെയ്യാമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അദ്ദേഹം എന്നെ ധരിപ്പിച്ചിട്ടുള്ള വിഷയം ഒരു രണ്ടോ മൂന്നോ ചെറിയ ബണ്ടുകൾ ഉണ്ടാക്കികൊടുത്താൽ കായ്മായി എന്നാണു്. ഓവർസിയരെ

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ചു അതു ഉടനെ ചെയ്യുവാനും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. അപ്പോൾതന്നെ ഞാൻ അദ്ദേഹത്തോടു പറഞ്ഞു ഇതിന്റെ ഫലം അനുഭവിക്കണെ എന്നു്. ഇതു പറഞ്ഞതിന്റെ പിറ്റെ ദിവസം ഞാൻ തൃശ്ശിവപേരൂക്കു പോയി. ഈ മൂന്നു ബണ്ടിന്നും മൂന്നു കമ്പി അവിടെ കിട്ടി. ആ മൂന്നുകമ്പിയും ഒന്നിച്ചെടുത്തു് ഒരു എഴുത്തോടുകൂടി ഞാൻ അദ്ദേഹത്തിന്നു അയച്ചുകൊടുത്തു. ഇതു നാം അന്നു സംസാരിച്ചതിന്റെ ഫലമാണെന്നും എഴുത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഈകമ്പി അയച്ചവരുടെ ആക്ഷേപങ്ങളെല്ല ഇതേവരെയുണ്ടായിട്ടുള്ളതു്. ആ ആക്ഷേപങ്ങൾ വേറെ ഒരു കക്ഷിയുടേതാണു്. ഇതേ അദ്ദേഹത്തിന്നു സാധിച്ചുള്ളു. ഇതാണു അതിന്റെവഴക്കു്.

ചെല്ലാനം സംരക്ഷണ ധാരാളം നെല്ലു നമുക്കു ലഭിക്കുന്നതിന്റെ ആവശ്യത്തിനാണു്. ചുരുക്കി പറഞ്ഞാൽ അവിടെയുള്ള നിലങ്ങളിൽ കടലിൽനിന്നുള്ള ഉപ്പുവെള്ളം കയറാതെകഴിക്കണം. ഇതുയും ലഹളകളും വത്തമാനങ്ങളുമൊന്നും അതിലില്ല.

ചക്കരച്ചാൽ എന്നു പറയുന്നതു് തിരുവിതാംകൂറിന്റേയും നമ്മുടെ രാജ്യത്തിന്റേയും ഇടയിലാണു സ്ഥിതിചെയ്യുന്നതു്. ചക്കരച്ചാലിന്നു കേടുവരുത്തുള്ള മധുരമൊന്നും ഇല്ല. അതു തീരെ കയ്പുള്ള ഒന്നാണു്. ഇതിന്റെ ശരിയായ പേരു് ചക്രച്ചാൽ എന്നാണു്. അതു ക്രമേണ ചക്കരച്ചാൽ എന്നായതാണു്. ഇതു് തിരുവിതാംകൂറിന്റേയും നമ്മുടേതുമാണു്. നമുക്കു ഇതു അടക്കേണ്ടകാലത്തു അവരുടെ സംരക്ഷണക്കാരൻ അതു പൊട്ടിക്കും. ആ സംരക്ഷണക്കാരനെ ശിക്ഷിക്കുവാൻ നമുക്കുസാദ്ധ്യമല്ല. തിരുവിതാംകൂറമായി ഇതിനെപ്പറ്റി എഴുത്തുകുത്തുനടത്തി അതിന്റെവഴക്കുതീർത്തു അതു ഇന്നയിന്ന തിയ്യതിക്കെ അടക്കാവു എന്നും ഇന്നയിന്ന തിയ്യതിക്കെ പൊട്ടിക്കാവു എന്നും തീർച്ചയാക്കപ്പെട്ടിട്ടുണ്ടു്. ഈ ചക്കരച്ചാൽ എന്നു പറയുന്നതു് പത്തുമുന്നൂറടി വീതിയുള്ള വലിയൊരു ചാലാണു്. കായലിലെ വെള്ളം ഉറങ്ങുന്നതോടുകൂടി ചക്കരച്ചാലിലെ വെള്ളവും ഇറക്കത്തിന്നു ഇറങ്ങും. അപ്പോൾ അതിന്റെ ബണ്ടടച്ചു വെള്ളം കൃഷിയുടെ ലവലിൽ താഴ്ത്തും. അതിന്റെ മുകളിലേക്കുള്ള ചെറിയ രണ്ടു തോടുകളിൽകൂടി കൃഷിയിൽനിന്നുള്ള വെള്ളം അവരവരുടെ സ്ലൂസുകളിൽകൂടി ചെറിയ ചാലിൽനിന്നാൽ ഡെപ്ലൂട്ടേഷൻ ആകും. ഇങ്ങിനെ മുഴവൻ വെള്ളവും കൃഷിയിൽനിന്നു ചെറിയ ചാലുകളിലേക്കു വിട്ടാൽ കൃഷി ഉണങ്ങി. വിതയും തുടങ്ങി. ഇതാണു് അതിന്റെ ചുരുക്കം. കിഴക്കുഭാഗത്തെ കാര്യമാണു് ഈ പറഞ്ഞതു്. പടിഞ്ഞാറെഭാഗത്തു നൂറോ-, ഴ് ഒ റ-ം അടി വീതിയിൽ തെങ്ങിൻതോട്ടമാണു്. അതിന്റെ പടിഞ്ഞാറെഭാഗം കടലാണു്. കടലിൽനിന്നു വെള്ളം അടിക്കുകയാണെങ്കിൽ ഈ തെങ്ങിൻകൃഷിയുടെ രണ്ടുമൂന്നടി കവിഞ്ഞു വെള്ളവും മണ്ണും വരും. അതിന്നു കടൽകരയിൽ ഒരു ചെറിയ ചാലുണ്ടു്. ആ ചാലു സംരക്ഷണചെയ്താൽ അതു രക്ഷപ്പെടും. എന്റെ സ്വന്തം അഭിപ്രായം പറയുകയാണെങ്കിൽ അതു രക്ഷിക്കുവാൻ സാദ്ധ്യമല്ല എന്നാണു്. അവിടെ പിന്നെയും മണ്ണു വീണുകൊണ്ടിരിക്കും.

മിസ്റ്റർ വി. ജെ. മത്തായി: ഒരു ബണ്ടു കെട്ടിയാലൊ?

മിസ്റ്റർ ടി. കെ. നായർ: വളരെ പണം അതിന്നു ചിലവിടണം. അതിൽനിന്നു മൂന്നു ചാലുകളും വെട്ടിയിട്ടുണ്ടു്. ഈ മൂന്നു ചാലുകളും അടച്ചു എന്നാണു് പറയുന്നതു്. ഈ വെള്ളം വരുന്നതു്, ഈ ചാലുകളിൽകൂടി തെങ്ങിൻതോപ്പിന്റെ കിഴക്കുവശവും നെൽകൃഷിയുടെ പടിഞ്ഞാറവശവുമുള്ള ചാലിൽകൂടി പുറത്തേക്കുവന്നു അങ്ങിനെ അതു പിന്നെയും ചക്കരച്ചാലിലേക്കു വരും. ഈ തോടുകൾ, അനവധികാലത്തിന്റെ വാദത്തിനുശേഷം, അന്നത്തെ അഗ്രിക്കൾച്ചറൽ സൂപ്രണ്ടും മറ്റും സ്ഥലത്തുപോയി അന്വേഷിച്ചിട്ടു അടക്കേണ്ട എന്നു തീരുമാനിച്ചിട്ടുള്ളതാണു്. സാധാരണയായിവരുന്ന വെള്ളം അവിടെനിന്നു പുറത്തേക്കു പോകുന്നതിന്നു ഒരു തോടുണ്ടാക്കുകയാണു നല്ലതെന്നു അവർ തീർച്ചയാക്കി. പുതുതായി ഒരു ദേവസ്വം തോടും അവിടെയുണ്ടാക്കീട്ടുണ്ടു്. ഇങ്ങിനെ രണ്ടു തോടുകളും അവിടെയുണ്ടാക്കീട്ടുണ്ടു്. ആ ഇറിഗേഷനിൽ എപ്പോൾ വെള്ളം ഇറങ്ങുന്നുവൊ അപ്പോൾ ചക്കരച്ചാലിലെവെള്ളം മുഴവൻ തുറന്നുകളഞ്ഞു എന്നു പറഞ്ഞു ഒരുഭാഗം ആളുകൾ ആക്ഷേപം തുടങ്ങും. അപ്പോൾ മറെറാരുഭാഗം ആളുകൾ കൃഷി ഉണക്കുവാനുള്ള സന്ദർഭം കഴിഞ്ഞിട്ടുണ്ടു, വെള്ളം മുഴവൻ വറ്റിച്ചുതരേണമെന്നു ആക്ഷേപം തുടങ്ങും.

മിസ്റ്റർ വി. ജെ. മത്തായി: ഇതിന്നുനീളം എത്രയുണ്ടു്?

മിസ്റ്റർ ടി. കെ. നായർ: നാലയ്യായിര പറക്കു നിലമുണ്ടു എന്നുപറഞ്ഞാൽ അതിന്റെ നീളം എതാണ്ടു കണക്കാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു മൈനർ ഇറിഗേഷനിൽ പെട്ടതാണൊ ?

മിസ്റ്റർ ടി. കെ. നായർ: അവിടത്തെ പഞ്ചായത്തിന്റെ കീഴിലാണു്. ഈ സംരക്ഷണ ഈ ചെല്ലാനം സംരക്ഷണഎന്നു കേട്ടാൽ എന്താണെന്നു മനസ്സിലാക്കണം.

ഡെപ്യൂട്ടിപ്രൊസിഡണ്ടു്: ഇതിനെതിരു പറയുന്നവരുടെ വാദമെന്താണു് ?

മിസ്റ്റർ ടി. കെ. നായർ: ചിലർ പറയുന്നു പടിഞ്ഞാറെ തോട്ട അടച്ചുകെട്ടണമെന്നു്. അപ്പോൾ വേറെ കൃഷിയുടമസ്ഥന്മാർ പറയുന്നു പടിഞ്ഞാറവശമുള്ള ചാലുകൾ മുഴുവൻ നേരെയാക്കണമെന്നു്.

ഡെപ്യൂട്ടിപ്രസിഡണ്ടു്: വേറെയുള്ളവരുടെ ആക്ഷേപമെന്താണു് ?

മിസ്റ്റർ ടി. കെ. നായർ: അവരുടെ ആവശ്യപ്രകാരം ഞാൻ ആ തോടടച്ചു. അതിന്റെ ഫലമായിട്ടാണു് മൂന്നു കമ്പിയുണ്ടായതു്. എന്റെ അടുത്തു് അവിടെനിന്നു ഒരു ഡപ്യൂട്ടേഷൻ വരുകയുണ്ടായി. അപ്പോൾ ഈ സംഗതി അവസാനിപ്പിക്കണമെന്നുദ്ദേശിച്ചു, തെങ്ങിൻകൃഷിയുടേയും നെൽകൃഷിയുടേയും ഉടമസ്ഥന്മാരെ എല്ലാവരേയും വിളിച്ചുകൂട്ടി അവരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം ഇതിൽപെയ്യാൽ മതിയൊ എന്നു ഞാൻ അവരോടു ചോദിച്ചു ഒരുകൂട്ടർ അങ്ങിനെചെയ്യാൽ മതിയെന്നു സമ്മതിച്ചിട്ടുണ്ടു്. ഇനി മറുള്ളവരും ഭൂരിപക്ഷപ്രകാരം പെയ്യാൽ മതിയെന്നു സമ്മതിക്കുകയാണെങ്കിൽ അതു ചെയ്യുകൊടുക്കാം. എന്നാൽ ഈ ആക്ഷേപക്കാരൊക്കെപറയുന്നതു ആ നാട്ടിലെ കൃഷിക്കാരുടെ ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു് ഈ കാര്യത്തിൽ ചെയ്യുതന്നാൽ മതിയെന്നാണു്. അതുകൊണ്ടു അടുത്തൊരവസരത്തിൽ അവിടെപോയി അവരെയൊക്കെ വിളിച്ചുകൂട്ടി എന്താണു് അവക്കുവേണ്ടതു എന്നു ചോദിച്ചു അവരുടെ ഭൂരിപക്ഷാഭിപ്രായമെന്താണൊ അതനുസരിച്ചു പ്രവർത്തിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: അതും വേണ്ടെന്നു പറഞ്ഞാലൊ ?

മിസ്റ്റർ കെ. ഒ. തോമാസ്സ്: ഈ ഭൂരിപക്ഷം ചിലക്കുണ്ടാക്കുവാൻ സാധിക്കും. നിലത്തിന്റെ സംരക്ഷണക്കായ്മാണു് ഗവമ്മെണ്ടു പ്രധാനമായി നോക്കേണ്ടതു്. നിലത്തിന്റെ സംരക്ഷണക്ക ഗവമ്മെൻറിന്നു തോന്നുന്നതു ധൈര്യമായി ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്. കമ്പികൾ വരുകയാണെങ്കിൽ അതു ചവറുകൊട്ടയിൽ തള്ളുക.

മിസ്റ്റർ ടി. കെ. നായർ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഇപ്പോൾ ചെയ്യുന്നതു ശരിയാണെന്നൊ തെറ്റാണെന്നൊ? ശരിയാണെന്നുണ്ടെങ്കിൽ ഈ കട്ടമോഷ്ടന്നു ഇവിടെ സ്ഥാനമില്ല.

മിസ്റ്റർ ബി. എം. പീറർ: അതുപറഞ്ഞാൽ പുലിവാലു പിടിച്ചുകഴിഞ്ഞു. ഞാറക്കൽ മെമ്പറുടെ സ്ഥിതിയിൽ അദ്ദേഹം ആകും.

മിസ്റ്റർ ടി. കെ. നായർ: പൊതുജനങ്ങളെകൂടി തൃപ്തിപ്പെടുത്തി, അവരുടെ ആക്ഷേപങ്ങളും കമ്പികളും കുറക്കുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ, അതു ചെയ്തുകൊണ്ടുപോകണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. അല്ലാതെതന്നെ ഗവമ്മെൻറിന്നു ആവശ്യമുണ്ടെന്നു തോന്നീട്ടുള്ളതു അവിടെ ചെയ്തിട്ടുണ്ടു്. മിസ്റ്റർ പീറർ പറഞ്ഞതുപോലെ ഈ കൊല്ലത്തിൽ അവിടത്തെ വിളവു വളരെ നന്നായിട്ടുണ്ടു്. ഈ തവണ ഒരു ഇഞ്ചിൻവെച്ചു വെള്ളം വറ്റിച്ചുകൊടുത്തിട്ടുണ്ടു്. അതുകൊണ്ടു കൃഷി നന്നായിട്ടുണ്ടു്. വിളവു നന്നായിട്ടുണ്ടെന്നാണു് പറയുന്നതു്.

ഇനി ഒരു കാര്യം പറയാം. സംരക്ഷണയുടെ ആക്ഷേപങ്ങളും കിട്ടിയാൽ അതു ശരിയാണൊ തെറ്റാണൊ എന്നന്വേഷിക്കുന്നതിന്നു ഉദ്യോഗസ്ഥന്മാരൊ ഓവർസിയരൊ ചെല്ലാനത്തുപോയിവരുന്നതു അവക്കു ശമ്പളം കിട്ടുണ്ടു എന്നു വിചാരിച്ചുമാത്രമാണു്. അവിടെപോയി വരുന്നകാര്യം അത്രക്കു വളരെ ബുദ്ധിമുട്ടുള്ള ഒന്നാണു്. അതിന്റെ വിഷമം ഒരു വസരത്തിൽ അവിടെ പോയാലറിയാം. അവിടെ അപ്പപ്പോൾ പോയി നോക്കാനുള്ള അസൌകര്യം പ്രധാനമായി വാഹനങ്ങളില്ലാത്തതാണു്. വാഹനങ്ങൾവഴി പോകുന്നതിനു ബുദ്ധിമുട്ടുമില്ല.

മിസ്റ്റർ ബി. എം. പീറർ: അതാണു പാണ്ടിക്കുടി ചെല്ലാനം റോഡു വേണമെന്നു പറഞ്ഞതു്.

മിസ്റ്റർ ടി. കെ. നായർ: അതുകൊണ്ടു ഒരുപക്ഷെ ഉദ്യോഗസ്ഥന്മാർ വേണ്ടഅവസരത്തിൽ സ്ഥലത്തുചെന്നു അന്വേഷിക്കുവാൻ വൈകിയതുകൊണ്ടു അപൂർവ്വം ചില വഴക്കുകളു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടായിട്ടില്ലെന്നു എനിക്കു സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അങ്ങിനെയുണ്ടായിട്ടുണ്ടാകാം. അതാതവസരത്തിൽ ആളുകൾ പോയിട്ടുണ്ടായിരുന്നെങ്കിൽ കുറെയെങ്കിലും ആ ക്ഷേപങ്ങൾ ഇതിനുമുമ്പുതന്നെ ശരിയാക്കുമായിരുന്നു. ഈ ആക്ഷേപങ്ങൾ മുഴുവനും സംരക്ഷണ ചെയ്തിട്ടുള്ളതിന്റെ തെറ്റാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. സംരക്ഷണ ശരിയായി നടത്തുവാൻ സാധിച്ചിട്ടില്ലെന്നു പറഞ്ഞു സംരക്ഷണക്കാരനെ മാറ്റിയതുകൊണ്ടു് സംരക്ഷണ നന്നാകണമെന്നില്ല. പിന്നെ മിസ്റ്റർ ഡേലം പറഞ്ഞതുപോലെ ആ രാജ്യക്കാരല്ലാതെ വേറെ ഒരാളെ അവിടെ നിയമിക്കാമെന്നുവെക്കുകയാണെങ്കിൽതന്നെ ആരാണു് അതിനു തയ്യാറായിട്ടുണ്ടാകുക. ഉദ്യോഗസ്ഥർനിന്നും മറ്റും ആരാണു് ഈ ഒരു പണിക്കായി ഇവിടെ വരാൻ പോകുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: പഞ്ചായത്തിനെ ഏല്പിച്ചാൽ മതി.

മിസ്റ്റർ ടി. കെ. നായർ: അതുകൊണ്ടാണു് ഈ കുഴപ്പമുണ്ടായിട്ടുള്ളതു്. ഈ വഴക്കുകൂടാതെ കഴിക്കാനായി ഒരു വഴി ഞാൻ നോക്കി. അതായതു് ഈ സംരക്ഷണ ചീഫ് ഇഞ്ചിനീയരോടു് എടുക്കാമോ എന്നു ഞാൻ ചോദിച്ചു. ഇതു രാജ്യരക്ഷയെ ഉദ്ദേശിച്ചുള്ള കായ്മാണു്. ആ ഡിപ്പാർട്ടുമെണ്ടിനെക്കൊണ്ടു് അതു നടത്തുവാൻ സാധിക്കുമെന്നുണ്ടെങ്കിൽ അതു ചെയ്യുവാൻ നാം നോക്കണം. അവർ ഇതു കുറെക്കാലം നോക്കിയിട്ടു ഈ കുഴപ്പം തീർക്കുവാൻ സാധിക്കാതെ വന്നതുകൊണ്ടു് പിന്നിടവർ പഞ്ചായത്തിനെ ഏല്പിച്ചതാണെന്നാണു പറയുന്നതു്. അവർക്കും കമ്പികളും ഹർജികളും കിട്ടിയിട്ടുണ്ടു്. ഇതുകളാണു് ഇതിന്റെ ഉള്ളിൽ കിടക്കുന്ന കായ്കൾ. ഈ കുഴപ്പം തീർക്കുന്നതിനു് ആവുന്നതും ഞാൻ ശ്രമിച്ചുവരുന്നുണ്ടു്. അതിനൊരു നിവാരണമുണ്ടാക്കുവാൻ ഇതിൽ പരിചയമുള്ള സ്വന്തം ആളുകളുടേയും ഉപദേശങ്ങളും സഹായങ്ങളും എനിക്കാവശ്യമുണ്ടു്. എതായാലും കുഴി ഒരുതരത്തിലും നാം രോഷപ്പെടുത്തുവാൻ പാടില്ല.

Mr. Shabdai S. Koder *(Nominated)*: My only object in moving this motion is to request the Minister to go into the matter and finally settle this affair for the relief of all concerned. As the Hon'ble Minister is proceeding to take some steps, I beg leave of the House to withdraw the motion.

Motion, by leave, withdrawn

CUT MOTION No. 56

Padinjare Chalakkudi—Execution of certain works

Mr. A. V. Moothedan *(Chalakkudi)*: Sir, the object of my motion is to undertake certain urgent works. Now I am only going to one work, namely the Parayan Thodu. When Dr. A. R. Menon was the Minister he ordered that this work should be taken up. But till now that has not been done. The order will show that the Director was asked to prepare estimates and it has been done. The expenditure will come to about Rs. 2,000. By doing this work the Government will be saving Rs. 90 every year because they are now running a ferry. For that purpose the Government is now spending Rs. 90. There is no loss to the Government since the Government will be getting 90 rupees per annum, *i.e.*, 4½ per cent return on the income. There is a school there, and the Director of Public Instruction will not allow the students to be drowned there. Therefore it may be kindly taken up.

Mr. T. K. Nayar *(Minister for Rural Development)*: The question is only regarding that bridge?

Mr. A. V. Moothedan *(Chalakkudi)*: I press that portion only. There are other grievances.

Mr. T. K. Nayar *(Minister for Rural Development)*: The estimated cost of the bridge is Rs. 900. The Director reported on 13th Kumbham 1117 "I beg to report that so far no savings could be found for taking up the work". Later on there is another order. "Since the presnt policy is to give lump sum allotments to Panchayats for original works the question will lie over".

Mr. A. V. Moothedan *(Chalakkudi)*: So it may be taken up now.

Mr. T. K. Nayar *(Minister for Rural Development)*: There are no funds.

Mr. A. V. Moothedan *(Chalakkudi)*: The Government is not suffering any loss. They will get a corresponding gain.

LIBRARY ARCHIVES Kerala Legislative Assembly